**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3567** **22/08/2017-ൽ മറുപടിക്ക്**

**നാട്ടുവൈദ്യ പരിപാലനം**

**ചോദ്യം**
ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പാരമ്പര്യ വൈദ്യശാസ്ത്ര ശാഖകളെ പുനരുദ്ധരിക്കുന്നതിനും ഇവയിലെ ചികിത്സാ വിധികൾ ഏകോപിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ പാരമ്പര്യ വൈദ്യശാസ്ത്രശാഖകളുടെ ഉന്നമനത്തിനായി ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോ എന്നീ ചികിത്സാ വകുപ്പുകളെ സംയോജിപ്പിച്ച് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. സിദ്ധ, യുനാനി എന്നീ ചികിത്സാ വിഭാഗങ്ങളിൽ അംഗീകൃത വിദ്യാഭ്യാസ യോഗ്യത നേടിയ ചികിത്സകർക്ക് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ രജിസ്ട്രേഷൻ നൽകുന്നുണ്ട്. എന്നാൽ അംഗീകൃത യോഗ്യതയില്ലാത്ത നാട്ടുവൈദ്യൻമാർക്ക് നിലവിലുള്ള നിയമപ്രകാരം രജിസ്ട്രേഷൻ നൽകുവാൻ നിർവ്വാഹമില്ല. |
| (ബി) | നാട്ടുവൈദ്യചികിത്സാ വിധികളായ സിദ്ധ-മർമ്മ-യുനാനി-വിഷ ചികിത്സാ, ആവികുളി-പച്ചില ചികിത്സ എന്നിവ ഏകോപിപ്പിച്ച് ഇത്തരം വൈദ്യന്മാരെ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് ഇവരുടെ ചികിത്സാമേഖലയിലെ വ്യാജന്മാരെ കണ്ടെത്തി നാട്ടു ചികിത്സയ്ക്ക് നിയമ പരിരക്ഷ നൽകുന്നതിന് നിയമനിർമ്മാണം കൊണ്ട് വരുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | |
| (സി) | പാരമ്പര്യ നാട്ടു വൈദ്യ ചികിത്സാ ഫലപ്രദമാണെന്ന വസ്തുത പൊതു സമൂഹത്തിൽ എത്തിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ